# ശാസ്ത്രീയ നെൽകൃഷിക്കായുള്ള പ്രോട്ടോകോൾ

| വിള | നെല്ല് | കൃഷിരീതി | പറിച്ചു നടൽ | ഇനം | പൊന്മണി | പ്രദേശം | കോൾനിലങ്ങൾ |
|---|---|---|---|---|---|---|---|

## നഴ്സറിയിൽ അനുവർത്തിക്കേണ്ടത്

| ദിവസം | തീയതി ആദ്യം തന്നെ രേഖ പ്പെടുത്തുക | കാർഷിക പ്രവർത്തി | പ്രവർത്തിയുടെ വിശദാംശം | നിരീക്ഷിക്കേണ്ട കാര്യങ്ങൾ | പ്രവർത്തി ചെയ്ത തിയതി എഴുതുക |
|---|---|---|---|---|---|
| വിത്ത് പാകുന്നതിനു 2 ദിവസം മുമ്പ് | | നഴ്സറി തയ്യാറാക്കുക | നിലം 2-3 തവണ ഉഴുത് ചളിയാക്കി നിരത്തുക സെന്റിന് 80 കിലോ ജൈവവളം ചേർക്കുക. | 1 ഏക്കർ സ്ഥലത്തേക്ക് 10 സെന്റിൽ നഴ്സറി ഒരുക്കണം | |
| വിത്ത് പാകുന്നതിനു 2 ദിവസം മുമ്പ് | | വിത്ത് പാകുക | വിത്ത് വെള്ളത്തിലിട്ട് 8 -12 മണിക്കൂർ കുതിരാൻ അനുവദിക്കുക. തുടർന്ന് വിത്ത് വാരി മുളക്കുവാനായി വെക്കുക. നന്നായി മുളച്ച വിത്ത് നഴ്സറിയിൽ പാകുക. | ഒരേക്കറിന് 30 കിലോ വിത്ത് വേണം. വിത്തിന് 80% മുള ഉറപ്പുവരുത്തണം. വെള്ളത്തിലിടുമ്പോൾ പൊങ്ങിവരുന്ന നെന്മണികൾ മാറ്റണം. ഏക്കറിന് 300 ഗ്രാം സ്യൂഡോമൊണാസ് നനയ്ക്കുന്ന വിത്തിൽ ചേർക്കണം. | |
| വിത്ത് പാകി 18 ദിവസം | | സൂക്ഷ്മ മൂലകം തളിക്കുക | കാർഷിക സർവ്വകലാശാല പുറത്തിറക്കിയ സമ്പൂർണ്ണ എന്ന സൂക്ഷ്മ മൂലക മിശ്രിതം 5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന അളവിൽ കലക്കി തളിക്കുക. | ചെടിയുടെ വളർച്ച കൂട്ടുന്നതിന് ഇതു ഉപകരിക്കും. | |
| വിത്ത് പാകി 22 ദിവസം | | സ്യൂഡോമോണാസ് തളിക്കുക | സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന അളവിൽ തളിക്കുക. | ബ്ലാസ്റ്റ് രോഗം, ഇലകരിച്ചിൽ രോഗം തുടങ്ങിയവ ഉണ്ടാവാതിരിക്കാൻ ഇത് സഹായിക്കും | |
| വിത്ത് പാകി 25 ദിവസം | | പറിച്ചു നടുക | വേരുകൾക്ക് നാശം സംഭവിക്കാതെ പറിച്ചെടുക്കുക | നഴ്സറിയിൽ മണ്ണിൽ നനവുണ്ടെന്നു ഉറപ്പുവരുത്തുക | |

## പാടങ്ങളിൽ അനുവർത്തിക്കേണ്ടത്

| | | | | | |
|---|---|---|---|---|---|
| നടുന്നതിനു 7 ദിവസം മുമ്പ് | | നിലം ഒരുക്കുക | നിലം രണ്ട് മൂന്ന് തവണ നന്നായി ഉഴുത് നിരത്തുക ഒരു ഏക്കറിന് 140 കിലോ കുമ്മായം അല്ലെങ്കിൽ ഡോളോമൈറ്റ് അവസാന ഉഴവിനൊപ്പം ചേർക്കുക. കുമ്മായം വിതറി 4 ദിവസം കഴിഞ്ഞ് വെള്ളം കയറ്റിയിറക്കുന്നത് നല്ലതാണ്. | കുമ്മായം എല്ലാ സ്ഥലത്തും എത്തുന്ന രീതിയിൽ വിതറുക. കുമ്മായം നീറ്റി പൊടിയാക്കി ഉപയോഗിക്കുന്നതാണ് നല്ലത്. ജൈവവളം ലഭ്യതക്കനുസരിച്ചു 2 ടൺ ഒരു ഏക്കറിന് ചേർക്കുക. | |
| നടുന്ന ദിവസം | | പറിച്ചു നടുക | നിലം നന്നായി ചളിയാക്കി നിരത്തുക. ഞാറു വരിവരിയായി നടാൻ ശ്രദ്ധിക്കുക. ചെടികൾ തമ്മിൽ 15-20 സെ.മീ. അകലം നിലനിർത്തുക ഓരോ മൂന്ന് മീറ്റർ കഴിഞ്ഞാൽ ഒരടി വീതിയിൽ നടപ്പാത ഇടുക. | നടുന്നതിന് മുമ്പ് വെള്ളം വാർത്തുകളയുക. ഒരു നുരിയിൽ രണ്ടോ മൂന്നോ ചെടികൾ മാത്രം ഉണ്ടാവാൻ പാടുകയുള്ളു. ഒരു മീറ്റർ നീളവും വീതിയും ഉള്ള ഒരു ചതുരത്തിൽ 30-35 കടകളെങ്കിലും ഉണ്ടെന്നു ഉറപ്പുവരുത്തുക | |
| നട്ടുകഴിഞ്ഞു 4 ദിവസം | | അടിവളം ചേർക്കുക | ഒരേക്കറിന് 90 കിലോ ഫാക്റ്റാംഫോസ് 10 കിലോ പൊട്ടാഷ് വളവും ചേർക്കുക. കളനിയന്ത്രണത്തിനായി പ്രെറ്റിലാക്ലോർ + ബെൻസൽഫ്യൂറോൺ മെഥൈൽ 0.66 WP 4 കിലോ ഒരു ഏക്കറിന് വളത്തിൽ ചേർത്ത് വിതറുക. | വളങ്ങൾ തമ്മിൽ നന്നായി കൂട്ടിയോജിപ്പിക്കുക. എല്ലായിടത്തും എത്തുന്ന രീതിയിൽ വിതറുക. ലഭ്യതക്കനുസരിച്ചു വെള്ളം കെട്ടി നിർത്തുകയോ ഒഴിവാക്കുകയോ ചെയ്യുക. | |
| നട്ടുകഴിഞ്ഞു 7 ദിവസം | | ഇടകുത്തി കൊടുക്കുക | ഞാറ് നഷ്ടമായ സ്ഥലങ്ങളിൽ വീണ്ടും നട്ടുകൊടുക്കുക | നെൽച്ചെടികൾ കണ്ടതിന്റെ എല്ലാ സ്ഥലത്തും ഉണ്ടെന്നു ഉറപ്പുവരുത്തുക. | |

| | | | | | |
|---|---|---|---|---|---|
| നട്ടുകഴിഞ്ഞു 20 ദിവസം | | കളനിയന്ത്രണം നടത്തുക | കള പറിച്ചു നീക്കം ചെയുക. | വരമ്പത്തുള്ള കളകൾ പറിച്ചുമാറ്റാൻ പ്രത്യേകം ശ്രദ്ധിക്കണം | |
| നട്ടുകഴിഞ്ഞു 25 ദിവസം | | അമ്ലത്വം നിയന്ത്രിക്കുക. | ഒരു ഏക്കറിന് 100 കിലോ ഡോളൊമൈറ്റ് / കുമ്മായം ചേർക്കുക. കുമ്മായം വിതറി 4 ദിവസം കഴിഞ്ഞ് വെള്ളം കയറ്റിയിറക്കുന്നത് നല്ലതാണ് | കണ്ടങ്ങളിൽ കാണുന്ന ചുവന്ന പാട, മണ്ണിൽ കറുത്ത നിറവ്യത്യാസം, ഇലകളിൽ ചളി പുരണ്ടപോലെയുള്ള പുള്ളികൾ, വേരിന്റെ വളർച്ചക്കുറവ് എന്നിവ അമ്ലത്വം തിരിച്ചറിയുന്നതിനുള്ള ലക്ഷണങ്ങളാണ്. | |
| നട്ടുകഴിഞ്ഞു 35 ദിവസം | | ഒന്നാമത്തെ മേൽവളം ചേർക്കുക | ഒരു ഏക്കറിന് 25 കിലോ യൂറിയയും 10 കിലോ പൊട്ടാഷ് വളവും ചേർക്കുക. തണ്ടുതുരപ്പൻ പുഴുവിന്റെയും ഇലചുരുട്ടി പുഴുവിന്റെയും ആക്രമണം കാണുന്ന പാട ങ്ങളിൽ ക്ലോറാൻട്രാനിലിപ്രോൾ 4 കിലോ ഒരു ഏക്കറിന് വളത്തിൽ ചേർത്ത് വിതറുക. | വളങ്ങൾ തമ്മിൽ നന്നായി കൂട്ടിയോജിപ്പിക്കുക. എല്ലായിടത്തും എത്തുന്ന രീതിയിൽ വിതറുക. ലഭ്യതക്കനുസരിച്ചു വെള്ളം കെട്ടി നിർത്തുകയോ ഒഴിവാക്കുകയോ ചെയ്യുക. | |
| നട്ടുകഴിഞ്ഞു 40 ദിവസം | | സൂക്ഷ്മ മൂലകം തളിക്കുക | സമ്പൂർണ 10 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന അളവിൽ തളിക്കുക. | ചെടികളുടെ വളർച്ച ക്രമപ്പെടുത്താൻ സൂക്ഷ്മമൂലകം അനിവാര്യമാണ്. | |
| നട്ടുകഴിഞ്ഞു 45 ദിവസം | | സ്യൂഡോമോണാസ് തളിക്കുക | സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ തളിക്കുക. | ബ്ലാസ്റ് രോഗം, ഇലകരിച്ചിൽ രോഗം തുടങ്ങിയവ ഉണ്ടാവാതിരിക്കാൻ ഇത് സഹായിക്കും. | |
| നട്ടുകഴിഞ്ഞു 50 ദിവസം | | കീടരോഗ നിരീക്ഷണം നടത്തുക | കീട രോഗ ആക്രമണം കാര്യമായി കാണുന്ന മുറയ്ക്ക് വിദഗ്ദ്ധ ഉപദേശത്തിന്റെ അടിസ്ഥാ നത്തിൽ നിയന്ത്രണം അനുവർത്തിക്കുക. | തണ്ടുതുരപ്പൻ, ഇലചുരുട്ടിപുഴു, മുഞ്ഞ തുടങ്ങിയ കീടങ്ങളും ബ്ലാസ്റ്റ്, ഇലകരിച്ചിൽ, ഇലപ്പുള്ളി തുടങ്ങിയ രോഗങ്ങളും നിരീക്ഷിക്കുക | |
| നട്ടുകഴിഞ്ഞു 60 ദിവസം | | രണ്ടാമത്തെ മേൽവളം ചേർക്കുക | ഒരു ഏക്കറിന് 25 കിലോ യൂറിയയും 10 കിലോ പൊട്ടാഷ് വളവും ചേർക്കുക. | ചെടിയുടെ വളർച്ചയ്ക്കു ഈ വളപ്രയോഗം സമയത്തു നടത്തേണ്ടത് വളരെ അനിവാര്യമാണ്. | |
| നട്ടുകഴിഞ്ഞു 75 ദിവസം | | സൂക്ഷ്മ മൂലകം തളിക്കുക | സമ്പൂർണ 10 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ തളിക്കുക. | പതിര് കുറയുന്നതിനും മണിത്തൂക്കം കൂടുന്നതിനും ഇത് ഉപകരിക്കും. | |
| നട്ടുകഴിഞ്ഞു 85 ദിവസം | | മൂന്നാമത്തെ മേൽവളം ചേർക്കുക | ഒരു ഏക്കറിന് 25 കിലോ യൂറിയയും 10 കിലോ പൊട്ടാഷ് വളവും ചേർക്കുക. | കതിരിന്റെ വളർച്ചയ്ക്കു ഈ വളപ്രയോഗം സമയത്തു നടത്തേണ്ടത് വളരെ അനിവാര്യമാണ്. | |
| നട്ടുകഴിഞ്ഞു 105 ദിവസം | | ചാഴിയുടെ ആക്ര മണം കാണുന്ന മുറയ്ക്കു മരുന്ന് തളിക്കുക | ചാഴിക്കെതിരെ മാലത്തിയോൺ 2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ തളിക്കുക. | പാൽപരുവത്തിൽ മണികൾ എത്തുന്ന സമയ ത്താണ് ചാഴിയുടെ ആക്രമണം കാണുന്നത്. ചാഴി ഒരു കടയിൽ രണ്ടെണ്ണം എന്ന കണക്കിന് കാണുന്ന മുറയ്ക്ക് മരുന്ന് തളി ക്കുക. പരാഗണം നടക്കുന്നതിനാൽ രാവിലെ യോ വൈകുന്നേരങ്ങളിലോ മരുന്ന് തളിക്കുക. | |
| നട്ടുകഴിഞ്ഞു 135 ദിവസം | | വിളവെടുപ്പ് നടത്തുക | 85% കതിരുകൾ വിളഞ്ഞുകഴിഞ്ഞാൽ വിളവെടുപ്പ് നടത്തുക. | വിളവെടുക്കുന്നതിനു 10 ദിവസം മുമ്പ് കണ്ടത്തിലെ വെള്ളം വാർത്തുകളയുക. കിളികളുടെ ആക്രമണം തടയുക. | |

★ പാടങ്ങളിൽ കീട രോഗ നിരീക്ഷണം നിരന്തരം നടത്തുകയും കീട രോഗ ബാധകൾക്കെതിരെ കൃഷി ഓഫീസറുടെ നിർദേശപ്രകാരം നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതുമാണ്

★ **മഗ്നീഷ്യത്തിന്റെ കുറവ് മണ്ണ് പരിശോധനയിൽ കാണുകയാണെങ്കിൽ നട്ട് 35 ദിവസം കഴിഞ്ഞ് ഏക്കറിന് 32 കിലോ മഗ്നീഷ്യം സൾഫേറ്റ് മണ്ണിൽ ചേർക്കുക.**

തയ്യാറാക്കിയത്: ഡോ സുനിൽ വി.ജി., (9446058252) ഡോ ബെറിൻ പത്രോസ്, ഡോ. ലത എ. കേരള കാർഷിക സർവ്വകലാശാല. Published By : **Communication Centre**, Directorate of Extension, KAU